സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ സംബന്ധിച്ച് ജപ്തി നടപടികൾ

*7 [247] ശ്രീ. വി. ഡി. സതീശൻ:
,, കെ. എ. ചന്ദ്രൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത എന്തു തുകയ്ക്കുള്ള വായ്പകൾക്കാണ് ജപ്തി നടപടികൾ ആരംഭിച്ചിട്ടുള്ളത്;

(ബി) ജപ്തി നടപടികൾ ആരംഭിച്ചിട്ടുള്ള വായ്പകളെ സംബന്ധിക്കുന്നിടത്തോളം അവ അടച്ച് തീർക്കാമെന്ന് വായ്പക്കാരനും ജാമ്യക്കാരും സമ്മതിക്കുന്ന കേസുകളിൽ ജപ്തി നടപടികൾ സാവധാനത്തിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(സി) ഇല്ലാത്തപക്ഷം വായ്പ തിരിച്ചടയ്ക്കാമെന്ന് സമ്മതിക്കുന്നവരെ സംബന്ധിച്ച ജപ്തി നടപടികൾ തൽക്കാലത്തേക്ക് നിർത്തി വയ്ക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തു കുടിശ്ശിക വരുത്തിയ 558,92,30,323 രൂപയ്ക്കുള്ള വായ്പകൾക്കാണ് ജപ്തി നടപടികൾ ആരംഭിച്ചിട്ടുള്ളത്.

(ബി) കേരള സഹകരണ നിയമത്തിൽ ജപ്തി നടപടി തുടങ്ങിയാൽ തുക അടയ്ക്കാതെ നടപടി മാറ്റിവയ്ക്കാൻ വ്യവസ്ഥയില്ല. എന്നാൽ കേരള സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കാൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ സമർപ്പിച്ച് 10% തുക അടയ്ക്കുന്നവർക്ക് 10 തവണയായി അടയ്ക്കാൻ സാവകാശം അനുവദിക്കുന്നുണ്ട്.

(സി) വായ്പ തിരിച്ചടയ്ക്കാമെന്ന് സമ്മതിക്കുന്നവരെ സംബന്ധിച്ച ജപ്തി നടപടികൾ തൽക്കാലത്തേയ്ക്ക് നിർത്തിവയ്ക്കാൻ സഹകരണ നിയമത്തിൽ വ്യവസ്ഥയില്ല.

സഹകരണ ബാങ്കുകൾ എടുത്തിട്ടുള്ള ഇൻഷ്വറൻസുകൾ

*8 [248] ശ്രീ. പി. ജെ. ജോയി:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള സഹകരണ ബാങ്കുകൾ ഡെപ്പോസിറ്റ് സുരക്ഷിതത്വത്തിന് വേണ്ടി ഇൻഷർ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly